**11.01.2017 ന് തിരുവനന്തപുരം ഐ.എം.ജിയിൽ വച്ച് കൂടിയ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ രണ്ടാമത് യോഗത്തിന്റെ മിനിറ്റ്സ്**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ രണ്ടാമത് യോഗം 11.01.2017 ഉച്ച തിരിഞ്ഞ് 3 മണിക്ക് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. പങ്കെടുത്ത ഗവേണിംഗ് ബോഡി അംഗങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സോഷ്യൽ ഓഡിറ്റ് ഗവേണിംഗ് ബോഡി അംഗങ്ങൾക്ക് അദ്ധ്യക്ഷൻ സ്വാഗതം ആശംസിച്ചു. തുടർന്ന് അജണ്ടാ വിഷയങ്ങൾ ചർച്ച ചെയ്തു.

**അജണ്ട.1 : 22.12.2016 ലെ മിനിട്സ് അംഗീകരിക്കൽ.**

22.12.2016 ൽ കൂടിയ ഗവേണിംഗ് ബോഡിയുടെ ആദ്യയോഗ മിനിട്സ് വായിച്ച് ചർച്ച ചെയ്തു.

***തീരുമാനം-1***

*22.12.2016 ൽ കൂടിയ ഗവേണിംഗ് ബോഡിയുടെ ആദ്യയോഗ മിനിട്സ് അംഗീകരിച്ചു.*

**അജണ്ട.2 : 22.12.2016 ലെ യോഗ തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടി**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫീസർ (പി, എം&ഇ) അവതരിപ്പിച്ചു.

| **22.12.2016 ലെ യോഗ തീരുമാനം** | **സ്വീകരിച്ച നടപടി** |
|---|---|
| 1) സോഷ്യൽ ഓഡിറ്റ് സൊസൈറ്റി Travancore Cochin Literary Scientific and Charitable Societies Registration Act 1955 അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനായി ചുവടെ സൂചിപ്പിക്കും വിധമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.<br>a) എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുള്ള സോഷ്യൽ ആഡിറ്റ് സൊസൈറ്റിയുടെ കരട് ബൈലോ വിശദമായി വായിച്ചതിനുശേഷം ഭേദഗതികൾ നിർദ്ദേശിക്കാനുണ്ടെങ്കിൽ ഡിസംബർ 30 ന് മുൻപ് അറിയിക്കേണ്ടതാണ്. ഭേദഗതി വരുത്തിയതിനു ശേഷം ജനുവരി 5-ാം തീയതിയ്ക്ക് മുൻപ് ബൈലോ അന്തിമമാക്കേണ്ടതാണ്. | കരട് ബൈലോയിന്മേൽ ഉൾച്ചേർക്കേണ്ട നിർദ്ദേശങ്ങൾ അംഗങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ പരിശോധിക്കുകയും ആയത് കരട് ബൈലോയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പുതുക്കിയ ബൈലോ, സോഷ്യൽ ആഡിറ്റിന്റെ കേന്ദ്ര ചട്ടങ്ങൾ, സംസ്ഥാന സർക്കാർ 30.12.2015 ൽ പുറപ്പെടുവിച്ച സോഷ്യൽ ആഡിറ്റ് നിർവ്വഹണ രീതി ശാസ്ത്രം നിർവ്വചിച്ചുകൊണ്ടുള്ള ഉത്തരവ്, ഗവേണിംഗ് ബോഡി അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഉത്തരവ്, 22.12.2016 ലെ ആദ്യ ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിറ്റ്സ് എന്നിവ ഒരു പ്രത്യേക ഫയലായി തിരുവനന്തപുരം ജില്ലാ രജിസ്ട്രാർക്ക് വായനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് 09.01.2017 |

| | |
|---|---|
| b) ബൈലോയും ആദ്യയോഗത്തിന്റെ മിനിട്സും ഉൾപ്പെടെയുള്ള രേഖകൾ ജനുവരി മാസം 5-ാം തീയതി തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ സമക്ഷത്തിൽ സമർപ്പിച്ച് രജിസ്ട്രേഷന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലെ പ്രോഗ്രാം ഓഫീസർ (പി.എം&ഇ) ശ്രീ ബി. സജിത്തിനെ യോഗം ചുമതലപ്പെടുത്തി. | ൽ ജില്ലാ രജിസ്ട്രാർ പ്രാഥമികമായി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി കൂടി ഉൾപ്പെടുത്തി കരട് വീണ്ടും രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസും അംഗങ്ങളുടെയും സാക്ഷികളുടെയും കയ്യൊപ്പോടുകൂടിയ അസ്സൽ രേഖയും ഹാജരാക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ എത്രയുംവേഗം ഓൺലൈനായി പൂർത്തിയാക്കാമെന്ന ജില്ലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| 2. സോഷ്യൽ ആഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുവാനായി കേന്ദ്ര സർക്കാർ, ഹൈദരാബാദ് ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെയും സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള ട്രെയിനിംഗ് മാനുവലിന്റെ പകർപ്പ് ഗവേണിംഗ് ബോഡി അംഗങ്ങൾക്കും ജില്ലാ ബ്ലോക്ക് തലങ്ങളിലും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. | ട്രെയിനിംഗ് മാനുവലിന്റെ 200 കോപ്പി പ്രിന്റിംഗിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 25.01.2017 നകം ട്രെയിനിംഗ് മാന്വൽ പ്രിന്റ് ചെയ്ത് ലഭ്യമാക്കുവാൻ കഴിയും. |
| 3. ഗവേണിംഗ് ബോഡിയുടെ അടുത്ത യോഗം 11.01.2017 ന് ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് നടത്തുന്നതിന് തീരുമാനിച്ചു. | തീരുമാനപ്രകാരം യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. |

**അവതരണത്തിൻമേലുള്ള ചർച്ച:**

സോഷ്യൽ ആഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുവാനായി കേന്ദ്ര സർക്കാർ, ഹൈദരാബാദ് ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെയും സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള ട്രെയിനിംഗ് മാനുവലിന്റെ പകർപ്പ് എല്ലാ ഗവേണിംഗ് ബോഡി അംഗങ്ങൾക്കും ഹൈദരാബാദ് ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വരുത്തി ലഭ്യമാക്കേണ്ടതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ബൈലോ സംബന്ധിച്ച വിഷങ്ങളിൻമേൽ ഗവേണിംഗ് ബോഡി ചർച്ച ചെയ്ത വിവരങ്ങൾ അജണ്ട മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അജണ്ട .3 :അംഗങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് അന്തിമമാക്കിയ ബൈലോ- ചർച്ച**

ഗവേണിംഗ് ബോഡി അംഗങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് മാറ്റങ്ങൾ വരുത്തിയ ബൈലോ വിശദമായി വായിച്ച് ചർച്ച ചെയ്തു. ചർച്ചയിൽ സംസാരിച്ച പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള അധിക ഭേദഗതികൾ കൂടി നിർദ്ദേശിച്ചു.

a) ഇനം 7.d യിൽ *purity* എന്ന വാക്കിന് പകരം *Trasnparency* എന്ന് ചേർക്കുക

b) ഇനം 7.n.iv ൽ *autonomous* എന്ന വാക്കിന് പകരം *independent* എന്ന് ചേർക്കുക

c) ഇനം 8.e.iii ൽ *the state RD Department and the SAU* എന്നതിന് പകരം *the governining body of the society* എന്ന് ചേർക്കുക

d) ഇനം 14.e യിൽ *half of the total number of members in the Governining Body* എന്നതിനുപകരം *a mnimum of six members* എന്ന് ചേർക്കുക

e) ഇനം 15.b യിൽ *once in 6 months* എന്നതിനുപകരം *once in 3 months* എന്ന് ചേർക്കുക. ഇതിനുപുറമേ *A quorum of the Governining Body shall not be less than $^2/_3$ of the total strength of the Governing Body for the proceedings of the meetings to be valid* എന്ന ഭാഗം ഒഴിവാക്കുക. 15 c 15d എന്നിവ ഒരേ കാര്യമായതിനാൽ 5d ൽ പറഞ്ഞിരിക്കുന്ന *Each Meme r shall have one vote and in the event of equlaity of votes on any question, it shall be decided by an additional vote cast by the Chairperson* എന്ന ഭാഗം ഒഴിവാക്കുക പകരം 15 e ക്ക് 15 d എന്ന് നമ്പർ കൊടുക്കുക.

f) ഇനം 16.a യിൽ *Programme Officer Social Audit* എന്നത് ഒഴിവാക്കുക. ഇതിനുപുറമേ *five members of the Governing Body (the five members of the Governing Body will be nominated by the Governing Body itself)* എന്നതിനുപകരം *six members of the Governing Body (the six members of the Governing Body will be nominated by the Governing Body itself)* എന്ന് ചേർക്കുക

g) ഇനം 16.f ൽ *half of the total number of members in the Committee* എന്നതിനുപകരം *a minimum of five members* എന്ന് ചേർക്കുക

h) ഇനം 20d യിൽ Government of Kerala എന്നതിനുപകരം Governing Body എന്ന് ചേർക്കുക

**തീരുമാനം 3.1.** അംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി ബൈലോ അന്തിമമാക്കി അംഗീകരിച്ചു.

**തീരുമാനം 3.2.**

ബൈലോയും ആദ്യയോഗത്തിന്റെ മിനിട്സും ഉൾപ്പെടെയുള്ള രേഖകൾ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ സമക്ഷത്തിൽ സമർപ്പിച്ച് രജിസ്ട്രേഷന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലെ പ്രോഗ്രാം ഓഫീസർ (പി.എം&ഇ) യെ യോഗം ചുമതലപ്പെടുത്തി.

**അജണ്ട .4 : കേന്ദ്രസർക്കാരിൽ നിന്നും സോഷ്യൽ ഓഡിറ്റ് നടത്തിപ്പ് സംബന്ധിച്ച് 02.01.2017 ൽ ലഭിച്ച കത്ത്**

കേന്ദ്രസർക്കാരിൽ നിന്നും സോഷ്യൽ ഓഡിറ്റ് നടത്തിപ്പ് സംബന്ധിച്ച് 02.01.2017 ൽ ലഭിച്ച കത്ത് വിശദമായി ചർച്ച ചെയ്തു. അതൊന്നിച്ചുള്ള social audit minimum standards സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മലയാളത്തിലേക്ക് പരിഭാഷ ചെയ്ത് എല്ലാ അംഗങ്ങൾക്കും ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത്തലങ്ങളിലും ലഭ്യമാക്കണമെന്ന് അഭിപ്രായപ്പെട്ടു.

**തീരുമാനം 4.1**

social audit minimum standards സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മലയാളത്തിലേക്ക് പരിഭാഷ ചെയ്ത് എല്ലാ അംഗങ്ങൾക്കും ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത്തലങ്ങളിലും ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട .5 : അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**

എക്സിക്യൂട്ടീവ് കമ്മിറ്റി, വൈസ് ചെയർമാൻ എന്നിവരുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ചെയർമാൻ മേൽ നിർദ്ദേശം അംഗീകരിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ചെയർമാൻ, ഗവേണിംഗ് ബോഡി- ചെയർമാൻ, ശ്രീ. എസ്.രാജേന്ദ്രൻ - വൈസ് ചെയർമാൻ, ശ്രീ. ചെങ്ങറ സുരേന്ദ്രൻ- അംഗം, ശ്രീ. സി.കെ. ഹരീന്ദ്രൻ - അംഗം, ശ്രീമതി. ഗിരിജാ സുരേന്ദ്രൻ - അംഗം, ശ്രീമതി. തങ്കം ടീച്ചർ -അംഗം, ശ്രീ.എം.വി. ബാലകൃഷ്ണൻ മാസ്റ്റർ - അംഗം, സോഷ്യൽ ഓഡിറ്റ് ഡയറക്ടർ - കൺവീനർ, സോഷ്യൽ ഡവലപ്പ്മെന്റ് എക്സ്പെർട്ട് - അംഗം എന്നിങ്ങനെ അംഗങ്ങളുടെ പേര് നിർദ്ദേശിക്കപ്പെട്ടു. സോഷ്യൽ ഓഡിറ്റ് ഗവേണിംഗ് ബോഡിയുടെ വൈസ്ചെയർമാനായി ശ്രീ. എസ്.രാജേന്ദ്രനെ ശ്രീ.വി.കെ. ബാലകൃഷ്ണൻ മാസ്റ്റർ നാമനിർദ്ദേശം ചെയ്യുകയും അതിനെ ശ്രീ.സി.കെ. ഹരീന്ദ്രൻ പിന്താങ്ങുകയും ചെയ്തു.

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലേക്ക് ഒരു സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, ഒരു സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നിവരെ തെരഞ്ഞെടുത്തതിനുശേഷം നിയമന ഉത്തരവിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള ശുപാർശ നിരാകരിക്കപ്പെടുന്ന പക്ഷം പുതിയതായി വിജ്ഞാപനം നൽകേണ്ടതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട കേന്ദ്രനിയമങ്ങൾ കൃത്യമായി പാലിച്ച് പുതിയ വിജ്ഞാപനം പ്രധാന ദിനപത്രങ്ങളായ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി, ജനയുഗം, ദി ഹിന്ദു എന്നിവയിലും മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ ഗ്രാമവികസന വകുപ്പ് വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതിനും അംഗങ്ങൾ നിർദ്ദേശിച്ചു.

**തീരുമാനം 5.1.**

*ചുവടെ പറയും വിധം എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.*

1. *ചെയർമാൻ, ഗവേണിംഗ് ബോഡി- ചെയർമാൻ*
2. *ശ്രീ. എസ്.രാജേന്ദ്രൻ - വൈസ് ചെയർമാൻ*
3. *ശ്രീ. ചെങ്ങറ സുരേന്ദ്രൻ - അംഗം*
4. *ശ്രീ. സി.കെ. ഹരീന്ദ്രൻ - അംഗം*
5. *ശ്രീമതി. ഗിരിജാ സുരേന്ദ്രൻ - അംഗം*
6. *ശ്രീമതി. തങ്കം ടീച്ചർ - അംഗം*
7. *ശ്രീ.എം.വി. ബാലകൃഷ്ണൻ മാസ്റ്റർ - അംഗം*
8. *സോഷ്യൽ ഓഡിറ്റ് ഡയറക്ടർ - കൺവീനർ*
9. *സോഷ്യൽ ഡവലപ്പ്മെന്റ് എക്സ്പെർട്ട് - അംഗം*

**തീരുമാനം 5.2.**

*സോഷ്യൽ ഓഡിറ്റ് ഗവേണിംഗ് ബോഡിയുടെ വൈസ്ചെയർമാനായി ശ്രീ. എസ്.രാജേന്ദ്രനെ തെരഞ്ഞെടുത്തു.*

**തീരുമാനം 5.3.**

*സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലേക്ക് ഒരു സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, ഒരു സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നിവരെ തെരഞ്ഞെടുത്തതിനുശേഷം നിയമന ഉത്തരവിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള ശുപാർശ അംഗീകരിക്കപ്പെടുന്ന പക്ഷം അതനുസരിച്ച് മുന്നോട്ടുപോകുന്നതിനും മറിച്ച് നിരാകരിക്കപ്പെടുന്ന പക്ഷം പുതിയതായി വിജ്ഞാപനം ചെയ്യാനും തീരുമാനിച്ചു. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട കേന്ദ്രനിയമങ്ങൾ കൃത്യമായി പാലിച്ച് പുതിയ*

വിജ്ഞാപനം പ്രധാന ദിനപത്രങ്ങളായ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി, ജനയുഗം, ദി ഹിന്ദു എന്നിവയിലും മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ ഗ്രാമവികസന വകുപ്പ് വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു.

യോഗം കൃത്യം 4.30 പി.എം ന് അവസാനിച്ചു

**ചെയർമാൻ**

അനുബന്ധം

**പങ്കെടുത്തവരുടെ ലിസ്റ്റ്**

1. ശ്രീ. വി.ജെ.കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് (ചെയർമാൻ ഗവേണിംഗ് ബോഡി)
2. ശ്രീ. സി.കെ.ഹരീന്ദ്രൻ, എം.എൽ.എ, അംഗം
3. ശ്രീ.ചെങ്ങറ സുരേന്ദ്രൻ, എക്സ് എം.പി, അംഗം
4. ശ്രീമതി. ഗിരിജാസുരേന്ദ്രൻ, എക്സ് എം.എൽ.എ, അംഗം
5. ശ്രീ. എസ്. രാജേന്ദ്രൻ, അംഗം
6. ശ്രീ. ഗോപിനാഥൻ.സി, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ
7. ശ്രീമതി. ശാരദ, ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ
8. ശ്രീ. എം.വി.ബാലകൃഷ്ണൻ മാസ്റ്റർ, അംഗം
9. ഡോ.എൻ.രമാകാന്തൻ, അംഗം
10. ശ്രീമതി. പി.റ്റി.തങ്കം, അംഗം
11. ഡോ. പ്രേമ്ന ശങ്കർ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, സാമൂഹ്യനീതി വകുപ്പ്
12. ഡോ.എസ്. സലിം, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കുടുംബശ്രീ മിഷൻ

ടൈപ്പിസ്റ്റ് എസ്.ബി